# പഴയ സെമിനാരി ദ്വിശതാബ്ദി സമാപനം

കോട്ടയം: പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ 199 ഉം ഡൽഹി ഭദ്രാസനാധിപനും സെമിനാരി പ്രിൻസിപ്പാളുമായിരുന്ന പൗലോസ് മാർ ഗ്രീഗോറിയോസിന്റെ 19 ഉം ഓർമ്മപ്പെരുന്നാൾ നവംബർ 22 മുതൽ 26 വരെ പഴയസെമിനാരിയിൽ നടത്തും.

നാളെ രാവിലെ (22.11.15) 9ന് പെരുന്നാൾ കൊടിയേറ്റ് നടത്തും. 23ന് വൈകിട്ട് 5 മണിക്ക് കുന്ദംകുളത്തുനിന്നും ഉള്ള തീർത്ഥാടകരെ പഴയസെമിനാരി മാനേജർ കെ. സഖറിയാ റമ്പാന്റെ നേതൃത്വത്തിൽ സ്വീകരിക്കും. 7ന് സോപാന അക്കാദമി ഡയറക്ടർ ഫാ. ഡോ. കെ. എം. ജോർജ്ജ് അനുസ്മരണ പ്രഭാഷണം നടത്തും. തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും റാസയും നടത്തും.

24ന് 8ന് വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പരി. ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ പ്രധാന കാർമ്മികത്വം വഹിക്കും. അമേരിക്കൻ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ റ്റിക്കോൺ മെത്രാപ്പോലീത്തായും സംഘവും വി. കുർബ്ബാനയിൽ സംബന്ധിക്കും.

25ന് ഉച്ചയ്ക്ക് രണ്ടിന് വേദശാസ്ത്ര സെമിനാറിൽ അമേരിക്കയിലെ ഓർത്തഡോക്സ് വേദശാസ്ത്രജ്ഞരായ ഫാ. ഡോ. ജോൺ ബേർ, ഫാ. ഡോ. സ്റ്റെഫാൻ വൊയ്തോവിച്ച് ഡീൻസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. പ്രിൻസിപ്പാൾ ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. കെ. എം. ജോർജ്ജ്, ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഡോ. ബിജേഷ് ഫിലിപ്പ് എന്നിവർ പ്രസംഗിക്കും.

26ന് രാവിലെ 10ന് ദ്വശതാബ്ദി വേദശാസ്ത്ര സമ്മേളനത്തിൽ പരിശുദ്ധ സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് അദ്ധ്യക്ഷത വഹിക്കും. അഹമ്മദാബാദ് ഭദ്രാസനാധിപൻ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ്, ഫാ. ഡോ. ടി. ജെ. ജോഷ്വാ എന്നിവർ പ്രസംഗിക്കും.

പഴയസെമിനാരി ദ്വിശതാബ്ദി സമാപന സമ്മേളനം 11.30ന് കേരളാ ഗവർണ്ണർ ജസ്റ്റീസ് പി. സദാശിവം ഉദ്ഘാടനം ചെയ്യും. പരി. ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിക്കും.

ചീഫ് സെക്രട്ടറി ജിജി തോംസൺ മുഖ്യപ്രഭാഷണം നടത്തും. അമേരിക്കൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ ശ്രേഷ്ഠ റ്റിക്കോൺ മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തും. മുൻപ്രിൻസിപ്പാൾ ഫാ. ഡോ. ജേക്കബ് കുര്യൻ, പ്രിൻസിപ്പാൾ ഫാ. ഡോ. ഒ. തോമസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് എന്നിവർ പ്രസംഗിക്കും. പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ ഒരുവർഷം നീളുന്ന ചരമ ദ്വിശതാബ്ദി ആഘോഷങ്ങളും ഗവർണ്ണർ ജസ്റ്റീസ് പി. സദാശിവം ഉദ്ഘാടനം ചെയ്യും.


കെ. സഖറിയാ റമ്പാൻ  
(പഴയസെമിനാരി മാനേജർ)  
9447141639

ഫാ. കെ. എം. സഖറിയാ  
(സെമിനാരി പി. ആർ. ഒ)


കോട്ടയം

20-11-15